"ഭരണഭാഷ - മാതൃഭാഷ"

നം:- ഡി ജി ഇ/9439/2024-എച്ച് 2

പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം,
തിരുവനന്തപുരം.
തീയതി : 20-06-2024

**സർക്കുലർ**

വിഷയം:- പൊതുവിദ്യാഭ്യാസം -സമ്പൂർണയിലെ ആറാം പ്രവർത്തിദിന കണക്കെടുപ്പ്- ഇൻവാലിഡ് യു.ഐ.ഡി കേസുകൾ വിദ്യാഭ്യാസ ഉപഡയറക്ടറുടെ നേതൃത്വത്തിൽ പരിശോധിക്കുന്നതു - സംബന്ധിച്ച്

പരാമർശം :- 1. പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 09.05.2024,30.05.2024 എന്നീ തിയതികളിലെ എൻ.ഇ.പി1 /6440/2024/ ഡി.ജി.ഇ. നമ്പർ സർക്കുലറുകൾ

2. പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 10.06.2024 ലെ ഇതേ നമ്പർ കത്ത്

സംസ്ഥാനത്തെ സർക്കാർ, എയിഡഡ് സ്കൂളുകളിൽ 2024-25 അക്കാദമിക വർഷത്തിലെ ആറാം പ്രവർത്തിദിന വിവരങ്ങൾ സമ്പൂർണയിൽ യു.ഐ.ഡി ഉൾപ്പെടെ കൃത്യമാക്കുന്നതിന് പരാമർശ(1) ,(2) എന്നിവ പ്രകാരം നിർദേശങ്ങൾ പുറപ്പെടുവിച്ചിരുന്നു. സമ്പൂർണയിൽ സ്കൂൾ കുട്ടികളുടെ യു.ഐ.ഡി പരിശോധിക്കുന്നതിനും ഇൻവാലിഡ് യു.ഐ.ഡി. ഉള്ള കുട്ടികളുടെ ആധാറിന്റെ വ്യക്തതയുള്ള ഫോട്ടോയും ഇൻവാലിഡ് ആയതിനുള്ള കാരണവും പോർട്ടലിൽ അപ്‌ലോഡ് ചെയ്യുന്നതിന് ജൂൺ 13 വരെ സമയം നൽകിയിരുന്നു. ഇൻവാലിഡ് യു.ഐ.ഡി. പരിശോധിച്ച് ഉറപ്പ് വരുത്തുന്നതിനും ജില്ലാതലത്തിൽ ക്രമീകരണങ്ങൾ കൈറ്റ് ഒരുക്കിയിരുന്നു. പരിശോധനയുടെ തുടർച്ചയായി, താഴെപ്പറയുന്ന പ്രവർത്തനങ്ങൾ എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടറേറ്റുകളിലും ചെയ്യേണ്ടതാണ്.

1. സ്കൂളുകളിൽ നിന്നും ആധാറിന്റെ വ്യക്തമായ ഫോട്ടോ സമ്പൂർണയിൽ ഉൾപ്പെടുത്തിയത് പരിശോധിച്ചതിൽ മുൻ നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ വാലിഡ് ആക്കാൻ കഴിയുന്ന യു.ഐ.ഡി-കൾ വാലിഡ് ആക്കുകയും ആയത് സ്കൂൾ തലം വരെയുള്ള ലോഗിനുകളിൽ ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്. വാലിഡ് ആക്കാൻ കഴിയാത്ത യു.ഐ.ഡി-കളുടെ കാര്യത്തിൽ പ്രത്യേക റിമാർക്സും (കാരണം) രേഖപ്പെടുത്തിയിട്ടുണ്ട്. ഇപ്പോഴും വാലിഡ് ആക്കാൻ കഴിയാത്തതും ആധാറിലെ ഫോട്ടോ അപ്‌ലോഡ് ചെയ്തിട്ടുള്ളതുമായ യു.ഐ.ഡി-കളുടെ കാര്യത്തിൽ ആവശ്യമെങ്കിൽ ഒരിക്കൽക്കൂടി വിദ്യാഭ്യാസ ഉപഡയറക്ടറുടെ മേൽനോട്ടത്തിൽ ഹിയറിംഗ് നടത്തി തീർപ്പാക്കേണ്ടതാണ്.

2 സ്കൂളുകൾ സമ്പൂർണയിൽ അപ്‌ലോഡ് ചെയ്ത ആധാറിന്റെ ഫോട്ടോ പരിശോധിച്ചതിൽ ഇപ്പോഴും ഇൻവാലിഡ് ആയ യു.ഐ.ഡി വാലിഡ് ആക്കുന്നതിന് ഏതെങ്കിലും അംഗീകൃത രേഖകൾ സ്കൂളുകളിൽ നിന്ന് ലഭ്യമാക്കാനുണ്ടെങ്കിൽ പ്രസ്തുത രേഖകൾ (ജനന സർട്ടിഫിക്കറ്റിന്റെ പകർപ്പ്,

അഡ്മിഷൻ രജിസ്റ്ററിന്റെ പകർപ്പ്, കുട്ടിയുടെ ചിത്രം തുടങ്ങിയവ) വിദ്യാഭ്യാസ ഉപഡയറക്ടറുടെ ഓഫീസിൽ നിന്നും സമയം നൽകുന്നതിനനുസരിച്ച് അതതു സ്കൂൾ പ്രഥമാധ്യാപകർ പ്രസ്തുത ഓഫീസിൽ ഹാജരാക്കേണ്ടതാണ്.

3. വാലിഡ് ആക്കാൻ കഴിയാതിരുന്ന ഓരോ യു.ഐ.ഡി-യും സ്കൂളുകളിൽ നിന്ന് ലഭ്യമാക്കുന്ന രേഖകളുടെ അടിസ്ഥാനത്തിൽ **<u>വിദ്യാഭ്യാസ ഉപഡയറക്ടറുടെ നേതൃത്വത്തിൽ കൈറ്റിന്റെ ജില്ലാ കോ-ഓർഡിനേറ്റർ ഉൾപ്പെടെ 24.06.2024 നകം</u>** നേരത്തെ കൈറ്റ് കോഡിനേറ്റർമാർ പരിശോധിച്ച രീതിയിലും കുട്ടി ആ സ്കൂളിൽ പഠിക്കുന്നു എന്നുറപ്പാക്കിയും നടപടിക്രമ ഉത്തരവുകൾ പുറപ്പെടുവിക്കേണ്ടതും ഇതനുസരിച്ച് കൈറ്റ് സമ്പൂർണയിൽ അപ്ഡേറ്റ് ചെയ്യേണ്ടതുമാണ്.

4. നിലവിൽ വിദ്യാഭ്യാസ ഓഫീസുകളിലേക്ക് സ്കൂളുകളിൽ നിന്നും ലഭ്യമാക്കിയിട്ടുള്ള തസ്തിക നിർണയ പ്രൊപ്പോസലുകളിൽ , **100 ശതമാനവും വാലിഡ് യു.ഐ.ഡി ഉള്ള സ്കൂളുകളുടെ പ്രൊപ്പോസലുകൾ നിലവിൽ തസ്തിക നിർണയം ചെയ്യാവുന്നതും ഇൻവാലിഡ് യു.ഐ.ഡി ഉള്ള സ്കൂളുകളുടെ തസ്തിക നിർണയം <u>25/06/2024 മുതൽ</u>** നടത്താവുന്നതുമാണ്.

Signed by
Shanavas S
Date: 20-06-2024 16:35:49

**പൊതുവിദ്യാഭ്യാസ ഡയറക്ടർ**

സ്വീകർത്താവ്:

(1) ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ,
കൈറ്റ്, പൂജപ്പുര

(2) എല്ലാ വിദ്യാഭ്യാസ ഉപ ഡയറക്ടർമാർക്കും

(3) എല്ലാ ജില്ലാ/ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും

4) എല്ലാ സർക്കാർ,എയ്ഡഡ്,അംഗീകൃത അൺ എയ്ഡഡ് സ്കൂൾ പ്രഥമാധ്യാപകരും

(ബന്ധപ്പെട്ട ജില്ലാ/ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാർ മുഖേന)